പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3694

17-10-2011-ൽ മറുപടിയ്ക്ക്

## വല്ലാർപാടം ബണ്ടിന്റെ പുനരുദ്ധാരണം

ചോദ്യം : ശ്രീ.എസ്.ശർമ്മ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) വല്ലാർപാടം ബണ്ടിന്റെ പുനരുദ്ധാരണത്തിനും, സ്ലൂയിസുകളുടെ നിർമ്മാണത്തിനും എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ജിഡ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത് ; തുടർ നടപടികൾ വിശദീകരിക്കാമോ?

(എ) 01-02-2011-ലെ ജിഡ കൗൺസിൽ മീറ്റിംഗിലെ തീരുമാനപ്രകാരം വല്ലാർപാടം ഐലന്റിനു ചുറ്റും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ബണ്ട് റോഡിന്റെ നിർമ്മാണത്തിനും വിവിധ ഭാഗങ്ങളിലായി നാല് പാലങ്ങളുടെ നിർമ്മാണത്തിനുമായി 1210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജിഡ കൗൺസിലിന്റെ അംഗീകാരത്തിനു ശേഷം ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സ്ലൂയിസുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ